HADIA CSE Khutba Notes

# റിസൾട്ട് വന്നു; മക്കളെ ഉന്നതവിദ്യാഭ്യാസത്തിന് പ്രോത്സാഹിപ്പിക്കുക

(13-5-2016)

ഇസ്‌ലാമിൽ ജ്ഞാനസമ്പാദനത്തിനുള്ള പ്രാധാന്യം എടുത്തുപറയേണ്ടതില്ല. *ഇൽമ്* എന്നോ അതിൽ നിന്നു നിഷ്പന്നമാകുന്ന മറ്റു രൂപങ്ങളോ ഖുർആനിൽ ഇരുന്നൂറോളം തവണ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഖുർആനിൽ മാത്രമല്ല ഹദീസിലും ഇതു സംബന്ധമായ നിരവധി പരാമർശങ്ങൾ കാണാം.

قال عليه الصلاة والسلام : "قلت يا جبريل أي الأعمال أفضل لأمتي ؟

قال : العلم ، قلت ثم أي ؟

قال : النظر إلى العالم ، قلت : ثم أي ؟

قال : زيارة العالم (الرازي)

أنه عليه الصلاة والسلام كان يحدث إنساناً فأوحى الله إليه أنه لم يبق من عمر هذا الرجل الذي تحدثه إلا ساعة ، وكان هذا وقت العصر ، فأخبره الرسول بذلك فاضطرب الرجل وقال : يا رسول الله دلني على أوفق عمل لي في هذه الساعة ، قال اشتغل بالتعلم فاشتغل بالتعلم ، وقبض قبل المغرب ، قال الراوي : فلو كان شيء أفضل من العلم ، لأمره النبي صلى الله عليه وسلّم به في ذلك الوقت.(تفسير الرازي)

മനുഷ്യന്റെ ഏറ്റവും വലിയ മഹത്വം ജ്ഞാന സമ്പാദനത്തിലാണ്. *മനുഷ്യരെ നാം ആദരിച്ചു* എന്ന് ഖുർആൻ പറയുന്നുണ്ടല്ലോ. അവർക്ക് പഠിക്കാനും അറിയാനും ആവശ്യമായ ബുദ്ധി നൽകിയെന്നാണ് പല മുഫസ്സിരീങ്ങളും ഇതിനെ വ്യാഖ്യാനിച്ചിട്ടുള്ളത്. പഠിക്കാനും ഉൾകൊള്ളാനും തയ്യാറല്ലാത്തവൻ മനുഷ്യൻ തന്നെയല്ല.

الناس رجلان عالم ومتعلم هما فى الأجر سواء ولا خير فيما بينهما من الناس (الطبرانى)

" النَّاسُ كُلُّهُمْ مَوْتَى إِلَّا الْعُلَمَاءَ، (بيهقي)

ഇബാദത്തുകളിൽ ഏറ്റവും ശ്രേഷ്ഠം പഠനമാണ്. ഇമാം നവവി (റ) *മിൻഹാജി*ന്റെ ആമുഖത്തിൽ പറയുന്നത് നമുക്കറിയാമല്ലോ.

فَإِنَّ الِاشْتِغَالَ بِالْعِلْمِ مِنْ أَفْضَلِ الطَّاعَاتِ ، وَأَوْلَى مَا أُنْفِقَتْ فِيهِ نَفَائِسُ الْأَوْقَاتِ

ഇമാം ബുഖാരി തന്റെ താരീഖിൽ രേഖപ്പെടുത്തിയ ഒരു നബി വചനം ഇങ്ങനെയാണ്

يسير الفقه خير من كثير العبادة وخير أعمالكم أيسرها (الطبرانى عن عبد الرحمن بن عوف)

എന്തുകൊണ്ടാണ് ഏറ്റവും പ്രധാനപ്പെട്ട ഇബാദത്ത് ഇൽമായത്; ഏതു ആരാധനക്കും ആദ്യം അറിയൽ ആവശ്യമാണല്ലോ.

HADIA CSE Khutba Notes

# റിസൾട്ട് വന്നു; മക്കളെ ഉന്നതവിദ്യാഭ്യാസത്തിന് പ്രോത്സാഹിപ്പിക്കുക

(13-5-2016)

ഇസ്‌ലാമിൽ അറിവ് നേടൽ മാത്രമല്ല അതുമായി ബന്ധപ്പെട്ട എല്ലാം ഇബാദത്തു തന്നെയാണ്.

**عن معاذ بن جبل، قال: قال رسول الله, صلى الله عليه وسلم: "تعلموا العلم؛ فإن تعلمه لله خشية، وطلبه عبادة، ومذاكرته تسبيح، والبحث عنه جهاد، وتعليمه لمن لا يعلمه صدقة، وبذله لأهله قربة؛ (جامع بيان العلم)**

**"كن عالماً ، أو متعلماً ، أو مستمعاً ، أو محباً ، ولا تكن الخامس فتهلك" (رازي)**

ജ്ഞാന സമ്പാദനത്തിന് മൂന്നു വഴികളാണ് ഉള്ളതെന്ന് തത്ത്വചിന്തകന്മാർ പറയുന്നു.

1. ദൈവദത്തമായ അറിവ്; വഹ്‌യ്, ഇൽഹാം, ലദുൻനിയ്യായ അറിവ് തുടങ്ങിയവ ഉദാഹരണം.

**فَوَجَدَا عَبْدًا مِنْ عِبَادِنَا آتَيْنَاهُ رَحْمَةً مِنْ عِنْدِنَا وَعَلَّمْنَاهُ مِنْ لَدُنَّا عِلْمًا (كهف)**

**وَأَوْحَيْنَا إِلَى أُمِّ مُوسَى أَنْ أَرْضِعِيهِ فَإِذَا خِفْتِ عَلَيْهِ فَأَلْقِيهِ فِي الْيَمِّ وَلَا تَخَافِي وَلَا تَحْزَنِي إِنَّا رَادُّوهُ إِلَيْكِ وَجَاعِلُوهُ مِنَ الْمُرْسَلِينَ (قصص)**

2. ഇന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന അറിവ്. ഖുർആനിൽ എത്രയോ സ്ഥലങ്ങളിൽ നിങ്ങൾ കേൾക്കുന്നില്ലയോ, കാണുന്നില്ലയോ എന്നു അല്ലാഹു ചോദിക്കുന്നുണ്ടല്ലോ.

3. ബുദ്ധികൊണ്ട് ആലോചിച്ച് ചിന്തിച്ചുണ്ടാകുന്ന അറിവ്.

**وعن عائشة رضي الله عنها قالت: " قلت يا رسول الله بما يتفاضل الناس في الدنيا؟ قال: بالعقل، قلت: وفي الآخرة؟ قال: بالعقل، قلت: أليس إنما يجزون بأعمالهم؟ فقال صلى الله عليه وسلم: يا عائشة وهل عملوا إلا بقدر ما أعطاهم عز وجل من العقل؟ (احياء)**

എന്നാൽ, ഇസ്‌ലാം പ്രോത്സാഹിപ്പിക്കുകയും അഭ്യസിക്കണമെന്ന് നിരന്തരം ആഹ്വാനം നടത്തുകയും ചെയ്യുന്ന അറിവ് ഏതാണ്? ചിലർ പറയുന്നു, ഭൗതികമായ അറിവുകളാണെന്ന്. വേറെ ചിലർ പറയുന്നു, ആത്മീയവും ശർഇയ്യുമായ കാര്യങ്ങളാണെന്ന്. എന്നാൽ, വസ്തുത ഇങ്ങനെയാണ്; അല്ലാഹുവിലേക്കും അവനെക്കുറിച്ചുള്ള ചിന്തയിലേക്കും നയിക്കുന്ന ആത്മീയവും ഭൗതികവുമായ ഏതെല്ലാം ജ്ഞാന ശാഖകളുണ്ടോ അതെല്ലാം ഇൽമിന്റെ പരിധിയിൽ പെടുന്നു. ഇനി, അവനെ മറപ്പിക്കുന്ന എല്ലാം ഇസ്‌ലാം നിരുത്സാഹപ്പെടുത്തുന്ന അറിവുകളിൽ പെടുന്നു. അവ മത വിദ്യകളാണെങ്കിൽ പോലും.

ഇമാം ഗസ്സാലി അറിവിനെ *ശർഇയ്യ* (പ്രവാചക അദ്ധ്യാപനങ്ങളിലൂടെ മാത്രം ലഭിക്കുന്നവ), *ഗൈറു ശർഇയ്യ* (ബുദ്ധികൊണ്ടോ അനുഭവം കൊണ്ടോ ഇതര ഭൗതിക മാധ്യമങ്ങൾകൊണ്ടോ ലഭിക്കുന്നവ) എന്നിങ്ങനെയാണ് വർഗീകരിക്കുന്നത്. ഇവയിലെ *ഗൈറു ശർഇയ്യ*യിൽ പെട്ടതും അതോടൊപ്പം പഠിക്കൽ അനിവാര്യമായവയുമാണ് നമ്മുടെ ദുൻയവിയ്യായ ജീവിതത്തിനു അനുപേക്ഷണീയമായ കാര്യങ്ങൾ.

# റിസൾട്ട് വന്നു; മക്കളെ ഉന്നതവിദ്യാഭ്യാസത്തിന് പ്രോത്സാഹിപ്പിക്കുക

(13-5-2016)

**فلا يتعجب من قولنا إن الطب والحساب من فروض الكفايات فإن أصول الصناعات أيضاً من فروض الكفايات فإن أصول الصناعات أيضاً من فروض الكفايات كالفلاحة والحياكة والسياسة بل الحجامة والخياطة. فإنه لو خلا البلد من الحجام تسارع الهلاك إليهم وحرجوا بتعريضهم أنفسهم للهلاك. فإن الذي أنزل الداء أنزل الدواء وأرشد إلى استعماله وأعد الأسباب لتعاطيه. فلا يجوز التعرض للهلاك بإهماله. (احياء كتاب العلم)**

സൂക്ഷ്മമായി പരിശോധിച്ചാൽ ലോകത്തെ എല്ലാ ജ്ഞാനവഴികളും ചെന്നെത്തുന്നത് -ഭൗതികമാണെങ്കിൽ പോലും- പ്രവാചകന്മാരിലേക്കാണെന്ന് മനസ്സിലാക്കാം. ഉദാഹരണം: കൃഷി– ആദം നബി (അ), തച്ചുശാസ്ത്രം– നൂഹ് നബി (അ), ഇരുമ്പ് ഉരുക്ക് ഉപയോഗം– സുലൈമാൻ നബി (അ).

ഇങ്ങനെ *ഇൽമ്* എന്നു പറയുന്നതിൽ എല്ലാതരം അറിവുകളും ഉൾപെടുന്നതുകൊണ്ടാണ് നമ്മുടെ മുൻഗാമികൾ മത വിദ്യയിലെന്നപോലെ ഭൗതിക വിദ്യയിലും അതിസമർത്ഥന്മാരായി മാറിയത്.

നെഹ്റു പറയുന്നു: മറ്റു സംസ്കാരങ്ങളിൽനിന്നു വ്യത്യസ്തമായി അറേബ്യയിൽ ശാസ്ത്രാന്വേഷണ ബുദ്ധി വളരെ കൂടുതലായിരുന്നു. അതുകൊണ്ട് ആധുനിക ശാസ്ത്രത്തിന്റെ പിതാക്കൾ അറബികൾ / മുസ്‌ലിംകളാണെന്നു പറയാം (വിശ്വചരിത്രാവലോകനം).

ജോൺ വില്യം പറയുന്നു: ഇന്ന് ലോകം അനുഭവിക്കുന്ന എല്ലാ ശാസ്ത്രീയ സുഖങ്ങൾക്കും കടപ്പെട്ടിരിക്കുന്നത് മുസ്‌ലിംകളോടാണ് *(ഇന്റലക്ചൽ ഡവലപ്മെന്റ് ഓഫ് യൂറോപ്പ്).*

ആധുനിക ലോകത്തിന്റെ സ്രഷ്ടാക്കളായ ഗലീലിയോ, ക്ലപ്പർ, ബ്രൂണോ, ന്യൂട്ടൺ, ഡാവിഞ്ചി...... തുടങ്ങിയവരെല്ലാം പ്രചോദനം സ്വീകരിച്ചത് നമ്മുടെ പൂർവികരായ ഇബ്നു സീന, അൽബിറൂനി, ഇബ്നു ഖൽദൂൻ, റാസി, ഫാറാബി, ഗസ്സാലി...... തുടങ്ങിയവരിൽനിന്നാണ്.

ജർമൻ ചിന്തകനായ സാക്ചൻ: ചരിത്രം കണ്ട ഏറ്റവും വലിയ പ്രതിഭാശാലിയാണ് അൽബിറൂനി.

തോമസ് ആർനൾഡ്: ഇബ്നു സീനയുടെ *അൽ ഖാനൂൻ ഫിത്തിബ്ബ്* പോലെ വൈദ്യശാസ്ത്ര മേഖലയിൽ ഗവേഷണം നടത്തപ്പെട്ട മറ്റൊരു ഗ്രന്ഥമില്ല *(ദി പ്രീച്ചിംഗ് ഓഫ് ഇസ്‌ലാം).*

ജോർജ് സാൾട്ടൺ: മുസ്‌ലിംകളുടെ കാലത്ത് ഒരു ശാസ്ത്രജ്ഞനും പീഢിപ്പിക്കപ്പെട്ടില്ല. മുസ്‌ലിംകളുടെ കൂട്ടത്തിലെ അതുല്യരായ പ്രതിഭകളെ ഒരു ലേഖനത്തിൽ എഴുതിത്തീർക്കാൻ പറ്റില്ല *(ഇൻട്രൊഡക്ഷൻ ടു ഹിസ്റ്ററി ഓഫ് സയൻസ്).*

ഇന്ന് യൂണിവേഴ്സിറ്റി (സർവകലാശാല) എന്നു നാം വിളിക്കുന്ന സംവിധാനം നമ്മുടെ പൂർവീകരുടെ ജാമിഅ: / കുല്ലിയ്യ (എല്ലാം ഉൾകൊള്ളുന്നത്) യാണ്. മഹാ ജ്ഞാനികളായിരുന്ന ആയിശ ബീവിയും ഇമാം നവവിയും ഇമാം റാസിയും മികച്ച വൈദ്യന്മാർകൂടിയായിരുന്നുവല്ലോ.

ഇങ്ങനെയൊക്കെയുള്ള ഒരു ശോഭന കാലം ശാസ്ത്ര ജ്ഞാന ശാഖകളിൽ ഉണ്ടാക്കിയെടുത്ത നമ്മുടെ ഇന്നത്തെ അവസ്ഥയെന്താണ്? ഇന്ന് ലോകത്തെ മികച്ച 25 സാങ്കേതിക/ വൈദ്യ/ ശാസ്ത്ര സ്ഥാപനങ്ങളുടെ പേരുകൾ നാം അന്വേഷിച്ചാൽ 50 ൽ അധികം അറേബ്യൻ രാജ്യങ്ങളിൽനിന്ന് ഒന്നുപോലു

മില്ല. ഇന്ത്യ ഒരു വർഷം ശാസ്ത്രത്തിന് നൽകുന്ന സംഭാവനകളെക്കാൾ വളരെക്കുറച്ചുമാത്രമാണ് അറേബ്യൻ രാജ്യങ്ങളിൽനിന്ന് കിട്ടുന്നത്.

ലോകത്തെ പ്രധാനപ്പെട്ട ഒരു പുരസ്കാരമാണല്ലോ നോബൽ പ്രൈസ്. കേവലം രണ്ടു കോടിയിൽ താഴെ മാത്രമുള്ള ജൂതന്മാർ വിവിധ മേഖലകളിലായി 180 ഓളം നോബൽ സമ്മാനങ്ങൾ നേടിയിട്ടുണ്ടെങ്കിൽ 150 കോടി ജനസംഖ്യയുള്ള നാം മുസ്‌ലിംകൾ 10 ൽ താഴെ അവാർഡുകൾ മാത്രമേ കരസ്ഥമാക്കിയിട്ടുള്ളൂ എന്നു നാം അറിയുക.

ഇന്ത്യയുടെ കാര്യവും വ്യത്യസ്തമല്ല. ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയാണല്ലോ സിവിൽ സർവിസ്. കലക്ടർമാരെയും അംബാസഡർമാരെയും ചീഫ്സെക്രട്ടറിമാരെയുമൊക്കെ വാർത്തെടുക്കുന്ന ഈ പരീക്ഷക്ക് ആദ്യമായി ഒരു മുസ്‌ലിം അപേക്ഷ നൽകിയത് സ്വാതന്ത്ര്യം കിട്ടി 25 ൽപരം വർഷം കഴിഞ്ഞതിനുശേഷമായിരുന്നു. രണ്ടു ദിവസങ്ങൾക്കു മുമ്പുവന്ന സിവിൽ സർവിസ് ഫലത്തിൽ കശ്മീരിൽനിന്നുള്ള ആമിർ ശാഫി ഖാൻ രണ്ടാം റാങ്കു നേടിയെങ്കിലും നാം അറിയുക; ആകെ യോഗ്യത നേടിയ 1078 പേരിൽ 36 പേരുമാത്രമാണ് മുസ്‌ലിംകളായുള്ളത്. കേവലം കാൽ ശതമാനം മാത്രം. ഇത് കഴിഞ്ഞ മൂന്നു വർഷങ്ങളിൽ 30, 34, 38 എന്നിങ്ങനെയായിരുന്നു. പല മേഖലകളിലും ഇതുതന്നെയാണ് അവസ്ഥ.

എന്താണ് ഇതിനുള്ള പരിഹാരം? മുസ്‌ലിംകളുടെ എല്ലാ ദുരവസ്ഥയും നമുക്ക് മാറ്റാൻ കഴിയില്ല. എന്നാൽ, കഴിയുന്ന ചിലതുണ്ട്. ചുരുങ്ങിയത് നമ്മുടെ കുട്ടികളെ പരമാവധി പഠിപ്പിക്കുകയും പഠിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. ഒരിക്കലും താൽകാലികമായ സാമ്പത്തിക നേട്ടങ്ങളോ മറ്റോ കണ്ടുകൊണ്ട് കുട്ടികളുടെ പഠിപ്പുനിർത്തലിന് നാം പിന്തുണ കൊടുക്കരുത്. പത്തിലെയും പ്ലസ്ടുവിലെയും ഫലം അറിഞ്ഞ സാഹചര്യത്തിലാണ് നാമുള്ളത്. ഇപ്പോഴും പല രക്ഷിതാക്കൾക്കും മക്കളെ എന്തിനു പറഞ്ഞയക്കണമെന്നു വ്യക്തമായ ധാരണയില്ല. ഇത്തരമാളുകൾ അറിവുള്ളവരോട് ചോദിച്ച് മനസ്സിലാക്കി കുട്ടികളുടെ കാര്യത്തിൽ വേണ്ടത് ചെയ്യുക. പ്ലസ്ടു കഴിഞ്ഞ ഒരാൾക്ക് കേവലം മെഡിക്കലും എഞ്ചിനിയറിംഗും മാത്രമല്ല ഇരുന്നൂറിലധികം വിവിധ കോഴ്സുകൾ ഇന്ത്യയിൽ പഠിക്കാൻ കഴിയുമെന്ന് നാം അറിയണം. നല്ല മത ബോധവും ചിന്തയും നൽകിക്കൊണ്ടുതന്നെ നമുക്ക് ഇത്തരം കോഴ്സുകളിലേക്കു പറഞ്ഞയച്ച് സമുദായത്തിന്റെ അന്തസ്സ് വർദ്ധിപ്പിക്കാവുന്നതാണ്.

**ഖുതുബ നോട്ട്സ്**
Hadia Centre for Social Excellence (CSE),
Panakkad, Malappuram
For any clarification: Mob:9496445823